**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** | **12-02-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റത്തിലൂടെ ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവ് മുതൽ നാളിതുവരെ ഭൂമി തരംമാറ്റത്തിലൂടെ ലഭിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് ശീർഷകത്തിലാണ് വരവ് വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വകുപ്പ് 27എ പ്രാബല്യത്തിലായതിന് ശേഷം ഭൂമിയുടെ തരം മാറ്റ നടപടികളുടെ ഭാഗമായി ലഭിച്ച തുകയുടെ 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളും, 2024 വർഷം ഏപ്രിൽ മുതൽ നവംബർ വരെ മാസാടിസ്ഥാനത്തിലുള്ള കണക്കുകളും **അനുബന്ധമായി** ചേർക്കുന്നു.<br><br>2024 ഡിസംബർ, 2025 ജനുവരി എന്നീ മാസങ്ങളിലെ കണക്കുകൾ അക്കൗണ്ടൻറ് ജനറലിന്റെ കാര്യാലയവുമായി അനുരഞ്ജനം ചെയ്തിട്ടില്ല. ഹൈക്കോടതി ഉത്തരവിന് ശേഷം 22/01/2025 അപരാഹ്നം മുതൽ പ്രസ്തുത തുക ലാൻഡ് റവന്യൂ കമ്മീഷണറുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് വരവ് വെച്ചുവരുന്നത്. |
| (ബി) | ഭൂമി തരംമാറ്റത്തിലൂടെ ലഭിക്കുന്ന തുക കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന നിയമ വ്യവസ്ഥ അനുസരിച്ച് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ തുക കൈമാറിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബഹു. ഹൈക്കോടതിയുടെ 28/11/2024-ലെ WP(C) 26592/2022, WP(C) 35561/2022 എന്നീ റിട്ട് ഹർജികളിന്മേലുള്ള അന്തിമ വിധിന്യായ പ്രകാരം, 01/12/2024 തീയതി മുതൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 27 എ (3) പ്രകാരം സമാഹരിക്കുന്ന എല്ലാ തുകയും സെക്ഷൻ 27 ഡി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് വരവ് ചെയ്യണമെന്ന് ഉത്തരവായിരുന്നു. സാങ്കേതിക ക്രമീകരണങ്ങൾ പൂർത്തിയാക്കി 22/01/2025 തീയതി അപരാഹ്നം മുതൽ ടി ആവശ്യത്തിനായി, ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ച അക്കൗണ്ടിലേക്ക് തുക വരവ് വന്നു തുടങ്ങിയിട്ടുണ്ട്. 05/02/2025 തീയതിവരെ പ്രസ്തുത അക്കൗണ്ടിലേക്ക് 8,29,18,946/- രൂപ വരവ് വന്നിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | മേൽ പ്രകാരമുള്ള ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, 22/01/2025 തീയതിക്ക് മുമ്പ് ശേഖരിച്ച 1606.90 കോടി രൂപ പ്രസ്തുത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറേണ്ടുന്ന വിഷയം പരിശോധിച്ചു വരുകയാണ്. |
| (സി) | മേല്പറഞ്ഞ പ്രകാരം തുക കൈമാറിയിട്ടില്ലെങ്കിൽ പ്രസ്തുത തുക ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന വിശദാംശം നൽകുമോ? | (സി) | ഭൂമി തരം മാറ്റ നടപടികൾ വേഗത്തിലാക്കുന്നതിനായി 15,29,94,919/-രൂപ വാഹനം വാടകയ്ക്ക് എടുത്തവകയിലും, കമ്പ്യൂട്ടർ തുടങ്ങിയവ വാങ്ങിയതിനും, വാടകയ്ക്ക് എടുത്തവകയിലും അനുവദിച്ചിട്ടുള്ളതാണ്. ഭൂമി തരം മാറ്റ നടപടികൾ വേഗത്തിലാക്കുന്നതിനായി താല്ക്കാലികമായി ജീവനക്കാരെ നിയോഗിച്ച വകയിൽ 34,89,78,206/- രൂപ അനുവദിച്ചിട്ടുള്ളതാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരമുള്ള അനധികൃത നികത്തലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 6,00,000/-രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| **സാമ്പത്തിക വർഷം** | **തുക (രൂപ)** |
|---|---|
| 2018-2019 | 61106641 |
| 2019-2020 | 1407580817 |
| 2020-2021 | 2930874622 |
| 2021-2022 | 2396107342 |
| 2022-2023 | 3857980752 |
| 2023-2024 | 3242875423 |
| 2024 April to Nov | 2172551531 |
| ആകെ | 16069077128 |